പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം- 5785 09-07-2012- ൽ മറുപടിയ്ക്ക്

## കേരള സർവ്വകലാശാലയ്ക്ക് രാജീവ്ഗാന്ധി ഫെലോഷിപ്പായി ലഭിച്ചതുക

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. .ആർ. രാജേഷ് | ശ്രീ. പി.കെ. അബ്ദു റബ്ബ് (ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കേന്ദ്രസർക്കാർ കേരള സർവ്വകലാശാലയ്ക്ക് രാജീവ് ഗാന്ധി ഫെലോഷിപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് പ്രസ്തുത തുക ലഭിച്ചത്; ഏത് അക്കൌണ്ടിലാണ് പ്രസ്തുത തുക നിക്ഷേപിച്ചിരിക്കുന്നത്; എന്തുകൊണ്ടാണ് പ്രസ്തുത തുക വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യാത്തതെന്ന് വ്യക്തമാക്കുമോ; | (എ) | യു.ജി.സി.യുടെ 02-03-2007 ലെ F-1647/2006 (SA-II) നമ്പർ കത്ത് പ്രകാരം രാജീവ് ഗാന്ധി നാഷണൽ ഫെലോഷിപ്പ് പദ്ധതിയിൽ 50 പട്ടികജാതി കുട്ടികൾക്കായി 95,00,000/- രൂപ അനുവദിച്ചിട്ടുണ്ട്. കേരളാ യൂണിവേഴ്സിറ്റി ഫണ്ടിൽ തുക നിക്ഷേപിച്ചിട്ടുണ്ട്. അതിൽ അർഹരായ കുട്ടികൾക്ക് ഫണ്ടിങ് ഏജൻസിയിൽനിന്നും അനുമതി വരുന്ന മുറയ്ക്ക് ഫെലോഷിപ്പ് തുക വിതരണം നടന്നുകൊണ്ടിരിക്കുന്നു. |
| (ബി) | എത്ര രൂപയാണ് സർവ്വകലാശാലയ്ക്ക് രാജീവ് ഗാന്ധി ഫെലോഷിപ്പ് ഇനത്തിൽ ലഭിച്ചത്; പ്രസ്തുത തുക വകമാറ്റി ചെലവഴിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആരാണ് ഇക്കാര്യത്തിൽ തീരുമാനമെടുത്തത്; പ്രസ്തുത തീരുമാനം മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ടോ; | (ബി) | 2,25,74,500/- ( രണ്ടുകോടി ഇരുപത്തഞ്ച് ലക്ഷത്തി എഴുപത്തിനാലായിരത്തി അഞ്ഞൂറ് രൂപ).<br>ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ജെ.ആർ.എഫ്.-ന് അർഹരായ എത്ര വിദ്യാർത്ഥികളാണ് കേരള സർവ്വകലാശാലയിൽ ഉള്ളത്; വ്യക്തമാക്കുമോ? | (സി) | ഏകദേശം 150 കുട്ടികൾ |

സെക്ഷൻ ഓഫീസർ